
ഖലീഫതുൽ മസീഹ് അൽ ഖാമിസ്

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلى عبده المسيح الموعود

# ജുമുഅ ഖുത്വ്ബ 2011 ജൂൺ 03

## ഹദ്റത് ഖലീഫതുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزیز

വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ


ബൈതുൽ ഫുതൂഹ്, ലണ്ടൻ

# സജ്ജനങ്ങളെ അല്ലാഹു വഴി കാട്ടുന്നു.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) തിരുനബി (സ) യുടെ യഥാർത്ഥ സേവകനാണ്. തിരുനബി (സ) യുടെ പ്രവർത്തനത്തെ മുന്നോട്ട് നയിക്കാനാണ് ആ മഹാത്മാവിനെ അല്ലാഹു അയച്ചത്. ആ മഹാത്മാവിന്റെ സർവ്വവുംതന്നെ തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടേതാണ്. അദ്ദേഹത്തിന്ന് ലഭിച്ച അനുഗ്രഹങ്ങളെല്ലാം തിരുനബിയുടെ ദാസത്വത്താലാണ് ലഭിച്ചത്. അൽവസിയ്യത്ത് എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു; മുഹമ്മദിയ്യാ നുബുവ്വത്ത് തന്റെ അനുഗ്രഹങ്ങൾ നൽകുന്നതിൽ ഒരിക്കലും പിന്നിലല്ല. മറ്റെല്ലാ നുബുവ്വത്തിനേക്കാളും കൂടുതൽ അനുഗ്രഹങ്ങൾ നൽകുന്നത് ഈ നുബുവ്വത്താണ്. ഈ നുബുവ്വത്തിനെ പിൻപറ്റുന്നതിലൂടെ അല്ലാഹുവിലേക്ക് വളരെ എളുപ്പത്തിൽ എത്താൻ കഴിയുന്നു.

ആ മഹാത്മാവ് ഈ അനുഗ്രഹങ്ങൾ കരസ്ഥമാക്കിയത് നബി (സ) യിൽ നിന്നാണ്. അല്ലാഹുതആല നബിയെ പിൻപറ്റിയതുകാരണം ആ മഹാത്മാവിനെ നുബുവ്വത്ത് എന്ന സ്ഥാനത്തുവരെ എത്തിക്കുകയുണ്ടായി. എന്നാൽ ആ മഹാത്മാവ് പറഞ്ഞത് തിരുനബിയെ പൂർണ്ണമായും പിൻപറ്റിയാൽ മാത്രം നബിയായിത്തീരില്ല എന്നാണ്. ഇതും നബി (സ)യുടെ സ്ഥാനത്തിന് കോട്ടം തട്ടുന്നതാണ്. ഉമ്മത്തിയും നബിയും രണ്ടും ഒന്നിക്കണം. ഇത് തിരുനബിയുടെ സ്ഥാനത്തിന് കോട്ടം തട്ടുന്നതല്ല. നബിയുടെ നുബുവ്വത്തിന്റെ പ്രഭ ഇതുമുഖേന കൂടുതൽ പ്രശോഭിതമാകുകയാണ് ചെയ്യുന്നത്. ഇക്കാലത്ത് തിരുനബി(സ) യുടെ ഉമ്മത്തി ആയതുകൊണ്ടും ആ മഹാത്മാവിനെ പൂർണ്ണമായും പിൻപറ്റിയതുകൊണ്ടും തിരുദൂതരോടുള്ള ശരിയായ പ്രേമം കാരണത്താലും അദ്ദേഹത്തിന് നുബുവ്വത്തിന്റെ സ്ഥാനം അല്ലാഹു നൽകുകയുണ്ടായി. നുബുവ്വത്തിന്റെ സ്ഥാനം ലഭിച്ചത് ഉമ്മത്തി ആയതുകൊണ്ടാണ്. തിരുനബി(സ) യോടുള്ള ഇശ്ക്ക് കാരണമായാണ് ലഭിച്ചത്. ഇതിന് തിരുനബിയുടെ ഉമ്മത്തിൽ ഉൾപ്പെടേണ്ടത് നിർബന്ധമാണ്. അല്ലാഹുതആല തന്റെ സഹായങ്ങൾ ഇറക്കിക്കൊണ്ട് ആ മഹാത്മാവിന്റെ സാക്ഷ്യത്തിനായി തെളിവുകൾ ഇറക്കുകയുണ്ടായി. അങ്ങനെ ലോകത്തിന്റെ ശ്രദ്ധ തന്നെ അദ്ദേഹത്തിലേക്ക് തിരിച്ചുവിടുകയുണ്ടായി. ഈ ഒരു ശൃംഖല അദ്ദേഹത്തിന്റെ വാദം മുതൽ തുടങ്ങുകയും ഇന്നും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. സാത്വികരായവർ ഈ തുടർന്നുകൊണ്ടിരിക്കുന്ന അനുഗ്രഹത്തിൽ നിന്നും ഫലമെടുക്കുകയും ചെയ്യുന്നു. അദ്ദേഹം മുഖേന നിർമ്മിക്കപ്പെട്ട ഈ കപ്പലിൽ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ഇവിടെയും തന്റെ യജമാനനെ പിൻപറ്റിയതുകാരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ലഭിച്ച അനുഗ്രഹങ്ങളിൽ നിന്ന് ഫലമെടുക്കുന്നവർ അദ്ദേഹത്തിന്ശേഷം അല്ലാഹുവിന്റെ സഹായത്താൽ സ്ഥാപിതമായ ഖിലാഫത്തുമായി ഒട്ടിപ്പിടിച്ചുനിൽക്കുന്നവർക്കാണ്. ഇന്നും അല്ലാഹുതആല സാത്വികരായവരെ ആ മഹാത്മാവിലേക്ക് വഴികാട്ടുന്നു,കാട്ടിക്കൊണ്ടിരിക്കുന്നു. ഈ മാർഗദർശനം കാരണം അവർ ജമാഅത്തിൽ പ്രവേശിക്കുന്നു. അദ്ദേഹത്തിന് ശേഷമുള്ള ഖിലാഫത്ത് സത്യത്തിലധിഷ്ഠിതമാണെന്ന് കാണിക്കുവാൻ സത്യസ്വപ്നങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടൊപ്പം അദ്ദേഹത്തിന്റെ ഖലീഫമാരെയും അല്ലാഹു കാണിക്കുന്നു. അങ്ങനെ വിശ്വാസികളുടെ ഈമാൻ ഒന്നുകൂടി ഉന്മേഷഭരിതമാകുന്നു.

ഇപ്പോൾ ഞാൻ സ്വപ്നങ്ങൾമുഖേന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ ജമാഅത്തിൽ പ്രവേശിച്ചതുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്. ഇവർ വിവിധ നാടുകളിലുള്ളവരും വർണ്ണവർഗ്ഗ വ്യത്യാസമുള്ളവരുമാണ്. ഗേമ്പിയയിലെ മെറിങ്കാരാ ഗ്രാമത്തിലെ മൗദൂമിനെ സാഹിബ് ജമാഅത്തുമായി ബന്ധപ്പെടുന്നത് 2003 ന്റെ അവസാനമാണ്. നമ്മുടെ ദാഈനെ ഇലല്ലാഹ് മുഖേനയാണ് ബന്ധപ്പെട്ടത്. തജാനിയ സംഘടനയിൽ പെട്ടാളായിരുന്നു ഇദ്ദേഹം. തജാനിയ സംഘടന ആഫ്രിക്കയിൽ പൊതുവിലുള്ള ഒന്നാണ്. എന്നാൽ അദ്ദേഹത്തിന് ദീനീപരമായ ഒരറിവൊന്നും ഉണ്ടായിരുന്നില്ല. പൊതു മുസ്‌ലിംങ്ങളെപ്പോലെ മുല്ലാക്കളുടെ പാദസേവകനായിരുന്നു. മുല്ല പറഞ്ഞത് ചെയ്യും. ഇസ്‌ലാമിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. ലഹരി ഉപയോഗിക്കുമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് കുറച്ച് കാലം മുമ്പേ അദ്ദേഹം ഒരു സ്വപ്നം കാണുകയാണ്. വനത്തിൽ പോയി കാട് വെട്ടിത്തെളിക്കുകയാണ്. സ്വപ്നത്തിൽ തന്നെ കാണുന്നത് കഠിനാധ്വാനം ചെയ്തുകൊണ്ട് അവസാനം ആ സ്ഥലം വൃത്തിയാകുന്നതിൽ വിജയിക്കുന്നു. അദ്ദേഹം നല്ല വൃത്തിയുള്ള ഒരു സ്ഥലത്തെത്തിയിരിക്കുന്നു. അല്ലാഹുവിന്റെ ഒരു വരിഷ്ഠ ദാസനെ തന്റെ സഹാബാക്കളോടൊപ്പം അദ്ദേഹം സ്വപ്നത്തിൽ കണ്ടു. അദ്ദേഹം തന്നെ വിളിക്കുകയാണ്. നിനക്ക് നന്നാവണമെന്നുണ്ടെങ്കിൽ എന്നിലേക്ക് വരിക എന്നദ്ദേഹം പറഞ്ഞു. അദ്ദേഹം പറയുന്നു. ഇതുപോലുള്ള സ്വപ്നങ്ങൾ ഞാൻ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ മൂന്ന് പ്രാവശ്യം കണ്ടിട്ടുണ്ട്. അതിനുശേഷം മനസംതൃപ്തിയോടുകൂടി അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി. ബൈഅത്ത് ചെയ്തതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെയും ഖലീഫമാരുടേയും ഫോട്ടോ എനിക്ക് കാണിച്ചു തന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ കണ്ട മാത്രയിൽ ഞാൻ പറഞ്ഞു. എന്നെ സ്വപ്നത്തിൽ തന്നിലേക്ക് വിളിച്ചുകൊണ്ടിരുന്ന അല്ലാഹുവിന്റെ വരിഷ്ഠദാസനായ വ്യക്തി ഇദ്ദേഹമാണ്.

അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിൽ ഒരു വിപ്ലവം സംജാതമായി. അഞ്ചുനേര നമസ്ക്കാരവും ജമാഅത്തോടുകൂടി നമ

സ്ക്കരിക്കുന്നത് ശീലമായിമാറി. വിശുദ്ധ ഖുർആൻ ഓതാൻ പഠിച്ചു. ജമാഅത്തിന്റെ പദ്ധതികളിൽ അംഗമായി. മുതിർന്ന പ്രായമായിരുന്നിട്ടുകൂടി വിശുദ്ധ ഖുർആൻ ഓതിത്തീർത്തതിനുശേഷം അതിന്റെ ആമീൻ പരിപാടി നടത്തുകയുണ്ടായി. ഇതിനുശേഷം തന്റെ മക്കളെയും മറ്റുള്ളവരുടെ മക്കളെയും ഖുർആൻ പഠിപ്പിക്കാൻ തുടങ്ങി. മുതിർന്ന പ്രായത്തിൽ പഠിക്കുകയും തുടർന്ന് പഠിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയാണ്. തഹജ്ജുദ് കൃത്യമായി അനുഷ്ഠിക്കും. അദ്ദേഹത്തിന്റെ ബന്ധുക്കളും ഈ ഒരു മാറ്റം പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. ഇത്രയും മാറ്റം വന്ന വ്യക്തിയെകാണുമ്പോൾ ബന്ധുക്കൾ പറയുന്നത് ഇത് മുമ്പുള്ള അതേ വ്യക്തിതന്നെയാണോ? എന്തുമാത്രം മാറ്റമാണ് ഇദ്ദേഹത്തിന് വന്നിരിക്കുന്നത് എന്നാണ്.

ഗേമ്പിയായിലെ ഉസ്താദീസാ സാഹിബിനെക്കുറിച്ച് അമീർ സാഹിബ് എഴുതുന്നു. ഞാൻ ചെറുപ്രായത്തിൽ കത്തോലിക്ക ഫ്രഞ്ച് സ്കൂളിൽ പഠിക്കുകയായിരുന്നു. ഒരു രാത്രി ഞാൻ സ്വപ്നം കണ്ടു. അന്നെനിക്ക് പത്ത് വയസ്സാണ്. സ്വപ്നത്തിൽ കുട്ടികൾക്ക് എങ്ങനെയാണ് അല്ലാഹു വഴികാട്ടുന്നതെന്ന് നോക്കുക. പറയുന്നു. ഞാൻ സ്വപ്നത്തിൽ കാണുകയാണ്. പഴയ ഒരു വീട് അതിൽ മങ്ങിയ വെളിച്ചം മാത്രമേയുള്ളൂ. അതിൽ ഞാൻ ഉറങ്ങുന്നു. ഞാൻ മുകളിലേക്ക് നോക്കിയപ്പോൾ അതിന് മേൽക്കൂരയില്ല. ആകാശത്ത് ഒരാളെ ഞാൻ കണ്ടു. ചെമന്ന ചാദറും സ്വർണ്ണ നിറമുള്ള ഒരു തലപ്പാവും അദ്ദേഹം ധരിച്ചിട്ടുണ്ട്. അദ്ദേഹം പൂർണ്ണമായും പ്രകാശമായിരുന്നു. അദ്ദേഹത്തിന് ചുറ്റും പ്രകാശത്തിന്റെ ഒരു വലയവുമുണ്ട്. ആകാശത്തുനിന്ന് അദ്ദേഹം എന്റെ അടുത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ്. അഹ്മദികൾ ചൊല്ലുന്നതുപോലെ, തിരുനബി പഠിപ്പിച്ചതുപോലെ ആ വ്യക്തി സ്വലാത്ത് ചൊല്ലുന്നുണ്ട്. ഇതിനുശേഷം എനിക്ക് 16, 17 വയസ്സായപ്പോൾ ഞാൻ മറ്റൊരു സ്വപ്നം കണ്ടു. കുറ്റിച്ചെടികളിലൂടെ നടന്നുകൊണ്ട് ഉപേക്ഷിച്ച ഒരു പഴയ വീട്ടിൽ ഞാൻ എത്തിയിരിക്കുന്നു. ഇപ്രാവശ്യം ഞാൻ കാണുന്നത് ഈ വീടിന്റെ അറ്റകുറ്റപ്പണികളെല്ലാം നടന്നിട്ടുണ്ട്. അത് അലങ്കരിച്ചിട്ടുണ്ട്. അതിന്റെ ചുമരുകൾ വെളുത്തതും വാതിലുകളും ജനലുകളും പച്ച നിറത്തിലുമായിരുന്നു. എനിക്ക് സ്വപ്നത്തിൽ തന്നെ തോന്നുന്നത് ഈ സ്ഥലം ഉപേക്ഷിക്കപ്പെട്ടതല്ല, ഇത് ആദരിക്കപ്പെട്ട സ്ഥലമാണ്. ഈ വീടിന്റെ ഉടമസ്ഥൻ വരുന്നതിനുമുമ്പേ ഈ വീട്ടിൽ നിന്നും പുറത്ത് കടക്കാൻ ഞാൻ ആഗ്രഹിച്ചുവെങ്കിലും ഭക്തനായ ഒരാൾ പുറത്തേക്ക് വന്നു. എന്നെ വിളിച്ചു. ഞാൻ പേടിച്ചുകൊണ്ട് വരില്ലെന്ന് പറഞ്ഞു. അദ്ദേഹം എന്നെ വീണ്ടും വിളിച്ചു. ഞാൻ പറഞ്ഞു.“നിങ്ങൾ ആരാണെന്ന് പറയാതെ ഞാൻ വരില്ല.”ആ ഭക്തൻ പറഞ്ഞു.“ഞാൻ അവസാനനാളിൽ വരേണ്ടതാണ്. അതുകൊണ്ട് ഞാൻ വന്നിരിക്കുന്നു. താങ്കൾ ഭയപ്പെടേണ്ട.” ഇത് കേട്ടപ്പോൾ എനിക്ക് അൽപം ധൈര്യം വന്നു. ആ ഭക്തന്റെ കൂടെ ഞാൻ ഓഫീസിലേക്ക് പോയി. അവിടെ ലബോറട്ടറിയിലെ വസ്തുക്കൾപോലുള്ള ചിലതെല്ലാം ഉണ്ട്. അദ്ദേഹം പറഞ്ഞു.“ഇത് എന്റെ ലബോറട്ടറിയാണ്. ഞാൻ ശാസ്ത്രജ്ഞനാണ്.”ഞാൻ ആ ഭക്തനോട് പ്രത്യേക സ്നേഹവും അനുകമ്പയോടും ചോദിച്ചു. “നിങ്ങൾ ഈ വീട്ടിൽ ഒറ്റക്ക് ദുഃഖിച്ച് കഴിയുകയായിരിക്കും അല്ലെ.” അദ്ദേഹം പറഞ്ഞു. “നമ്മുടെ പദ്ധതി ഒറ്റക്കുള്ളവർക്കായി എല്ലാ സ്ഥലത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നാം എല്ലാ പ്രിയരുടെയും ഒറ്റക്ക് കഴിയുന്നവരുടെയും സദസ്സിൽ ഉണ്ടാകും.”

അതിനുശേഷം ആ ഭക്തനിൽ നിന്നും ഞാൻ വിട്ടകന്നു. എന്റെ കണ്ണു തുറന്നപ്പോൾ അദ്ദേഹത്തോടുള്ള സ്നേഹംകാരണത്താൽ എന്റെ കണ്ണിൽ നിന്നും കണ്ണീർ ഇറ്റിറ്റുവീഴുന്നുണ്ടായിരുന്നു. മനുഷ്യത്വത്തിനുവേണ്ടി ഈ ഭക്തൻ സേവനം ചെയ്തുകൊണ്ടിരുന്നിട്ടും, ഒറ്റക്കാണെന്നതിൽ സങ്കടമുണ്ടായിരുന്നു. പത്ത് വർഷത്തിനുശേഷം ഞാൻ മസീഹ് മൗഊദ് (അ)ന്റെ ഫോട്ടോ കണ്ടപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ട ആ വ്യക്തി ഇദ്ദേഹമായിരുന്നു എന്ന് ബോധ്യമായി. ആദ്യത്തെ സ്വപ്നത്തിൽ ആകാശത്തുനിന്ന് ഇറങ്ങി. രണ്ടാമത്തെ സ്വപ്നത്തിൽ ഒരു ഭക്തന്റെ വേഷത്തിൽ.

തൻസാനിയായിലെ മുഹമ്മദലി സാഹിബ് കണ്ട സ്വപ്നം ഇപ്രകാരമാണ്. വെളുത്ത നിറമുള്ള ഒരു ഭക്തന്റെ പിന്നിൽ അദ്ദേഹം നമസ്ക്കരിച്ചു. അദ്ദേഹത്തിന്റെ പിന്നിൽ നിന്ന് നമസ്ക്കരിച്ചപ്പോൾ ആത്മീയ സംതൃപ്തി കൈവന്നു. ഇതിന് കുറച്ച് ദിവസങ്ങൾക്ക് ശേഷം ഇദ്ദേഹം നമ്മുടെ മസ്ജിദിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ കണ്ട് പറഞ്ഞു. സ്വപ്നത്തിൽ എനിക്ക് ഇമാമത്ത് നിന്ന് നമസ്ക്കരിച്ച വ്യക്തി ഇദ്ദേഹമായിരുന്നു. അദ്ദേഹമുടനെ ബൈഅത്ത് ചെയ്യുകയുണ്ടായി. ബൈഅത്ത് ചെയ്തതിനുശേഷം കുറേ കഷ്ടതകൾ സഹിക്കേണ്ടിവന്നു. (കഷ്ടതകൾ പാക്കിസ്ഥാനിലോ മറ്റ് ചില സ്ഥലത്തോ അല്ല ഉള്ളത്. ചിലപ്പോൾ ആഫ്രിക്കയിൽപോലും കഷ്ടപ്പെടേണ്ടതായി വരുന്നു.) അദ്ദേഹത്തിന്റെ പിതാവ് സ്വത്തൊന്നും നൽകില്ലെന്ന് പറഞ്ഞ് ആട്ടിവിട്ടു. കൃഷിക്കാരായിരുന്നു ഇവർ. ഇദ്ദേഹം മറ്റൊരു സ്ഥലത്ത് വന്നു. പിതാവ് നൽകുകയാണെങ്കിൽ അദ്ദേഹത്തിന് ഒരു ഏക്കർ സ്ഥലമാണ് കിട്ടുമായിരുന്നത്. അല്ലാഹു ഇതിനുപകരം 6 ഏക്കർ സ്ഥലമാണ് അദ്ദേഹത്തിന് നൽകിയത്. ആത്മാർത്ഥതയിലും കൂറിലും വളരെ മുൻകടക്കുന്നവനായി ത്തീർന്നു. തബ്‌ലീഗ് രംഗത്ത് മുന്നേറുന്ന വ്യക്തികൂടിയാണിദ്ദേഹം. ഇദ്ദേഹത്തിന്റെ തബ്‌ലീഗ് കാരണം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ പ്രദേശത്ത് ആറ് ജമാഅത്തുകൾ ഉണ്ടായിട്ടുണ്ട്.

2003 ലെ ഒരു സംഭവം ബുർകീനോ ഫാസുവിൽ നടന്നതാണിനി കേൾപ്പിക്കുന്നത്. തുൽത്താമ എന്ന ഗ്രാമത്തിലെ ഒരു യുവാവ് കബൂറെ മൂസാ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിക്കുന്ന സമയം ഒരു സ്വപ്നം കേൾപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പിതാവ് അവസാന നിമിഷം അദ്ദേഹത്തെ ഇപ്രകാരം ഉപദേശിച്ചു. ഇമാംമഹ്ദിയെക്കുറിച്ച് നിനക്ക് അറിയാൻ കഴിഞ്ഞാൽ ഒരു ഒഴിവുകഴിവും പറയാതെ ശരിക്കും അന്വേഷിച്ചതിനുശേഷം സ്വീകരിക്കണം. ഈ ഉപദേശത്തിന് അൽപം നാളുകൾക്ക് ശേഷം പിതാവ് വഫാത്തായി. ഞാൻ ഇതിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. നഫലുകൾ നമസ്ക്കരിച്ചുകൊണ്ട് കൂറേ ദുആ ചെയ്തു. അല്ലാഹുവെ എനിക്ക് നീ സത്യം കാണിച്ചുതരേണമേ എന്ന് പ്രാർത്ഥിച്ചു. ഒരു രാത്രി ഞാൻ സ്വപ്നത്തിൽ കാണുകയാണ്. ഞാൻ പട്ടണത്തിലേക്ക് പോയിരിക്കുന്നു. അവിടെ കാണുന്നത് എല്ലാവരും പരസ്പരം തമ്മിലടികൂടുകയാണ്. രക്തം ചിന്തുന്നു. ഞാൻ ഒരാളോട് ചോദിച്ചു. എന്തിനാണ് തമ്മിലടികൂടുന്നത്. അയാൾ എന്നെനോക്കിക്കൊണ്ട് മറ്റുള്ളവരോട് പറഞ്ഞു. ഇയാളെ ആരും അടിച്ചിട്ടില്ലെ. ഇവനെയും അടിക്കുക. ജനക്കൂട്ടം എന്നിലേക്ക് തിരിഞ്ഞു. എന്നെ അവർ അക്രമിക്കേണ്ടതായിരുന്നു. പെട്ടെന്ന് ഭക്തനായ ഒരാൾ വന്ന് എന്നെ കുട്ടിയെ എടുക്കുന്നതുപോലെ എടുത്തു. ആ ജനക്കൂട്ടത്തിൽ നിന്നും എന്നെ രക്ഷിച്ച് ദൂരെ കൊണ്ടുപോയി. വളരെ ദൂരെവരെ വൃത്തിയുള്ള വീതികൂടിയ ഒരു റോഡിൽ എന്നെ കൊണ്ടുപോയി നിർത്തി. ഞാൻ ആ റോഡിലൂടെ നടക്കാൻ തുടങ്ങി. കുറച്ചുദൂരത്ത് ഒരു മസ്ജിദ് കണ്ടു. അതിൽ ഞാൻ പ്രവേശിച്ചു. മറ്റു നമസ്ക്കാരക്കാരെ കൂടാതെ അറബികളും ഉണ്ടായിരുന്നു. അവർ തബ്‌ലീഗ് ചെയ്യുകയായിരുന്നു.

ഈ സ്വപ്നത്തിനുശേഷം അദ്ദേഹം നമ്മുടെ മിഷൻ ഹൗസിൽ വരികയും അവിടെ വെള്ള പള്ളിയും നമസ്ക്കാരക്കാരെയും കാണുകയും ചെയ്തു. രണ്ട് പാക്കിസ്ഥാനികളെയും കണ്ടു. മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ അദ്ദേഹത്തിന് കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹം ആവേശഭരിതമായിക്കൊണ്ട് പറഞ്ഞു. അല്ലാഹുവാണെ സത്യം എന്നെ ജനക്കൂട്ടത്തിൽ നിന്നും രക്ഷിച്ചുകൊണ്ട് എടുത്തുകൊണ്ടുപോയ ഭക്തനായ ആൾ

ഈ മഹാത്മാവ് തന്നെയാണ്. ഇദ്ദേഹം അവിടത്തെ ഇമാമായിരുന്നു. ഇദ്ദേഹം ബൈഅത്ത് ചെയ്തതു കാരണം ആ ഗ്രാമത്തിൽ വലിയ ഒരു വിഭാഗം ആളുകളും അഹ്മദിയ്യത്ത് സ്വീകരിക്കുകയുണ്ടായി.

സെനിഗാളിലെ കാസാമാൻസിൽ ഒരു പീർ സാഹിബ് ബൈഅത്ത് ചെയ്തു. അദ്ദേഹത്തെ അംഗീകരിക്കുന്നവർ 132 സ്ഥലങ്ങളിലുണ്ട്. ആ പീർ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചത് ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ്. അദ്ദേഹം ജാമിഅ മസ്ജിദിൽ വിശുദ്ധ ഖുർആനിൽ കൈവെച്ചുകൊണ്ട് സത്യം ചെയ്തു. എന്നിട്ട് പറഞ്ഞു. ഞാൻ ഒരു സ്വപ്നം കണ്ടിട്ടുണ്ട്. ആ സ്വപ്നം കണ്ടിട്ട് കുറേ വർഷങ്ങളായി. ആ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഇമാം മഹ്ദിയെ അന്വേഷിക്കുകയായിരുന്നു ഞാൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്കിപ്പോൾ അത് കിട്ടി. ആ സ്വപ്നം ഇപ്രകാരമാണ്. കലിമ തയ്യിബ **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുറ്റസൂലുല്ലാഹ്** നിലത്ത് വീണ് കിടക്കുകയാണ്. എല്ലാ ഔലിയാക്കളും ഭക്തരും ആ കലിമയെ എടുത്തുയർത്താൻ പാടുപെടുകയാണ്. എന്നാൽ അവർക്കതിനു കഴിയുന്നില്ല. അപ്പോഴേക്കും ഭക്തനായ ഒരാള വിടെവന്നു. അദ്ദേഹത്തെക്കുറിച്ച് പറയപ്പെട്ടത് ഇത് മുഹമ്മദൽ മഹ്ദിയാണെന്നാണ്. അദ്ദേഹം വന്ന് ഒറ്റക്ക് ആ കലിമയെ എടുത്തുയർത്തി.

അമീർ സാഹിബ് എഴുതുന്നു. അദ്ദേഹത്തിന്റെ ഗ്രാമത്തിൽ ഞാൻ പോയപ്പോൾ അദ്ദേഹത്തിന്റെ വീട്ടിലും പോയി. വീട്ടിൽ ഒരു ബാനർ എഴുതിവെച്ചിട്ടുണ്ട്. അതിലെ വാചകം ഇതാണ്. **അയ്യുഹ സ്സുക്കാനുൽ ബലദി ഇസ്മഊ ജാഅൽ മസീഹ് ജാഅൽ മസീഹ് ഇസ്മുഹു ഹദ്റത്തുൽ ഗുലാം അഹ്മദുൽ ഖാദിയാൻ ഹുവൽ മസീഹുൽ മഹ്ദി.** അല്ലാഹുതആല ദൂരദൂരദേശങ്ങളിലുള്ള ജനങ്ങൾക്ക് എങ്ങനെയെല്ലാമാണ് സത്യം വെളിപ്പെടുത്തിക്കൊടുക്കുന്നത്. ഇന്ന് ലോകത്ത് കലിമയുടെ യഥാർത്ഥ്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേനയാണ് വെളിപ്പെടുന്നത്. ഇന്നത്തെ മുല്ലാവർഗ്ഗം ഇസ്‌ലാമിനെ കളങ്കപ്പെടുത്തിയിരിക്കുകയാണ്.

അൽ ജസാഇറിലെ ഒരു സുഹൃത്ത് അബ്ദുല്ലാ ഫാത്തിഹ് സാഹിബ് മിഷ്യൻ ഹൗസിൽ വന്നു. ചോദ്യോത്തര സദസ്സിൽ ഹാജറായി. സദസ്സ് പിരിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥമായ ഖുത്വുബ ഇൽഹാമിയ, അൽഹുദാ എന്നിവ വായിക്കാൻ നൽകി. വായിച്ചതിന് ശേഷം വന്നുകൊണ്ട് പറഞ്ഞു. ഈ കൃതി ഏതായിരുന്നാലും ഒരു വ്യാജന്റെതല്ല. അതിനുശേഷം ഒരു തലപ്പാവ് തലയിൽ ചുറ്റിക്കൊണ്ട് പറഞ്ഞു. ഞാൻ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഭക്തനായ ഒരാളെ സ്വപ്നത്തിൽ കണ്ടിരുന്നു. അദ്ദേഹത്തിന്റെ മുഖം പ്രകാശദീപ്തമായിരുന്നു. ഇതേപോലെ അദ്ദേഹം തലപ്പാവ് ധരിച്ചിരുന്നു. അപ്പോൾ അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ കാണിച്ചുകൊടുത്തു. എന്നാൽ ഇതാരാണെന്ന് അദ്ദേഹത്തോട് പറഞ്ഞിരുന്നില്ല. ഈ ഫോട്ടോ കണ്ടപ്പോൾ തന്നെ അദ്ദേഹം എഴുന്നേറ്റ് നിന്നുകൊണ്ട് പറഞ്ഞു. ഞാൻ സ്വപ്നത്തിൽ കണ്ടത് ഇദ്ദേഹത്തെത്തന്നെയാണ്. തുടർന്ന് അദ്ദേഹം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ഫിൻലാന്റിലെ ഒരു അറബി പറയുന്നു. എന്റെ പിതാവ് രണ്ട്മൂന്ന് വർഷം മുമ്പ് വഫാത്തായി. അദ്ദേഹത്തിന്റെ വഫാത്തിന് കുറച്ച് മാസങ്ങൾക്ക് ശേഷം ഞാനൊരു സ്വപ്നം കണ്ടു. എന്റെ പിതാവ് കബറിൽ ഉറങ്ങിക്കിടക്കുകയാണ്. പെട്ടെന്ന് കബർ തുറക്കുന്നു. അതിൽനിന്ന് ഭക്തനായ ഒരാൾ പ്രകാശപൂരിതമായ മുഖത്തോടെ ജുബ്ബ ധരിച്ചുകൊണ്ട് പുറത്തേക്ക് വരുന്നു. അദ്ദേഹത്തിന്റെ മുടി കറുത്തതാണ്, മുഖം പ്രകാശിക്കുന്നതും, എല്ലാ ഐശ്വര്യവും നിറഞ്ഞതുമായിരുന്നു. അദ്ദേഹത്തിന്റെ നെഞ്ചിൽ പേരും എഴുതിയിട്ടുണ്ടായിരുന്നു. അതെനിക്ക് ഓർമ്മയില്ല. ഈ ഭക്തനായ ആൾ കബറിൽ നിന്ന് പുറത്തേക്ക് വന്ന് എന്റെ വലതു കൈപിടിച്ച് കബറിന്റെ എതിർ ദിശയിലേക്ക് കൊണ്ടുപോകുകയാണ്. ഞാൻ അദ്ദേഹത്തിന്റെ കൂടെപ്പോകുകയാണ്. പിതാവിനെ ഞാൻ നോക്കുന്നുണ്ട്. ഈ സ്വപ്നത്തിന് 6 മാസം കഴിഞ്ഞപ്പോൾ ഞാൻ ഡിഷ് ആന്റിനയിലെ ചാനലുകൾ ഓരോന്നായി നോക്കുകയായിരുന്നു. പെട്ടെന്ന് എം.ടി.എ വന്നു. അതിൽ ഖലീഫത്തുൽ മസീഹ് നാലാമനും ഹിൽമി സാഹിബും ഉണ്ടായിരുന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ എം.ടി.എ പ്രോഗ്രാമിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ഒരു ഫോട്ടോ എടുത്ത് കാണിച്ചു. അത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെതായിരുന്നു. ഈ ഫോട്ടോ ഞാൻ കണ്ടപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ട ആ ഭക്തനായ ആൾ ഇദ്ദേഹംതന്നെയാണെന്ന് മനസ്സിലായി.

സെനിഗാളിലെ ഒരഹ്മദി സ്വപ്നത്തിൽ ആകാശത്ത് രണ്ടുപേരുടെ ഫോട്ടോ കണ്ടു. ഇതിൽ നബി (സ) യുടെ ഫോട്ടോ ആരുടേതാണെന്ന് അദ്ദേഹത്തിന് അറിയില്ലായിരുന്നു. ഒരു ഫോട്ടോ തിരുനബിയുടേതും മറ്റേത് മഹ്ദി ഇമാമിന്റെതുമാണെന്ന് സ്വപ്നത്തിൽ അദ്ദേഹത്തിന് തോന്നുകയാണ്. പെട്ടെന്ന് ഒരു ഫോട്ടോ അപ്രത്യക്ഷമാകുന്നു. രണ്ടാമത്തേത് വളരെ അടുത്ത് വന്ന്കൊണ്ട് പറയുന്നത് ഇമാംമഹ്ദി ഞാനാണെന്നാണ്. ഈ സ്വപ്നം കണ്ടതിന് ശേഷം സനിഗാളിലെ ഉമർ സാഹിബ് പറയുന്നു. "ഇമാംമഹ്ദി വന്നു എന്നത് എനിക്ക് ഉറപ്പായി." നമ്മുടെ മുബല്ലിഗ് സാഹിബ് എഴുതുന്നു, "ഞങ്ങളുടെ സംഘം തബ്‌ലീഗിനായി അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ അദ്ദേഹത്തിന് കാണിച്ചുകൊടുത്തു." അദ്ദേഹം പറഞ്ഞു. "സ്വപ്നത്തിൽ ഇതേ ഫോട്ടോയാണ് കണ്ടത്." അതിനുശേഷം അദ്ദേഹം ബൈഅത്ത് ചെയ്തു.

ശ്യാമിലെ ഒരു സുഹൃത്തിന് അഹ്മദിയ്യത്തിനെക്കുറിച്ച് അറിയാൻ ഇടയായപ്പോൾ അന്വേഷിക്കാൻ തുടങ്ങി. തുടക്കം കുറിച്ചത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളിലൂടെയാണ്. അദ്ദേഹം പറയുന്നു. "ഞാൻ ഹുസൂറിന്റെ അറബിയിലുള്ള എല്ലാ പുസ്തകവും വായിച്ചു. അതുമുഖേന കുറേ പ്രയോജനമെടുത്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വചനങ്ങൾ മാസ്മരിക പ്രവാഹമാണ് എന്നിൽ ഉണ്ടാക്കിയത്. ഇതിനു ശേഷം ഞാൻ ഇസ്തിഖാറാ ചെയ്തു. **അബ്ദും മിൻ ഇബാദിനാ ആത്തയ്നാഹു റഹ്മത്തുമ്മിൻ ഇന്ദിനാ വ അല്ലംനാഹു മില്ലദുന്നാ ഇൽമാ** എന്ന ആയത്ത് ഞാൻ സ്വപ്നത്തിൽ കേട്ടു. ഇതുകൂടാതെ തിരുനബി (സ) യുടെ സന്ദർശനവും സ്വപ്നത്തിലൂടെ നടന്നു." ഈ ആയത്തിന്റെ തർജമ ഇപ്രകാരം. നമ്മുടെ ദാസൻമാരിൽനിന്നുള്ള ഒരു ദാസൻ അദ്ദേഹത്തിന് എന്നിൽ നിന്ന് കാരുണ്യം നൽകിയിരിക്കുന്നു. എന്റെ പക്കൽ നിന്ന് പ്രത്യേകമായ അറിവും നൽകിയിരിക്കുന്നു. അദ്ദേഹം പറയുന്നു. "എനിക്ക് മറ്റൊരിക്കൽ തിരുനബി (സ) യെ സ്വപ്നത്തിൽ കാണാൻ കഴിഞ്ഞു. ഞാൻ ചോദിച്ചപ്പോൾ തിരുനബി (സ) പറഞ്ഞു. "ഇക്കാലത്തെ ഫിത്നയിൽ നിന്നും രക്ഷപ്പെടുന്നതിനായി മിർസാഗുലാം അഹ്മദ് മാത്രമേ രക്ഷപ്പെടാനുള്ള നൗകയായിട്ടുള്ളൂ." ഇതിനുശേഷം എന്റെ ഭാര്യയോട് ഇസ്തിഖാറ ചെയ്യാൻ പറഞ്ഞു. അവർ സ്വപ്നത്തിൽ കാണുന്നത് ഒരാൾ വന്നുകൊണ്ട് പറയുന്നു. "മിർസാ ഗുലാം അഹ്മദ് ഇക്കാലത്തെ മജദ്ദിദ് ആണ്." ഇത്രയും വ്യക്തമായ സ്വപ്നം കണ്ടിട്ടും തൃപ്തി വന്നില്ല. ബൈഅത്ത് ചെയ്തില്ല. മനസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യത അംഗീകരിച്ചിരുന്നു. എന്നാൽ ഞാൻ പ്രഖ്യാപിക്കാതിരിക്കാനുള്ള കാരണം എന്റെ ചുറ്റുമുള്ളവർക്ക് സ്വയം ചിന്തിച്ച് മനസ്സിലാക്കാനുള്ള അവസരം ഒരുക്കുന്നതിനുവേണ്ടിയായിരുന്നു. എന്നെ അന്ധമായി അവർ പിൻപറ്റാതിരിക്കുന്നതിനു വേണ്ടി. മറ്റൊന്ന് ഞാൻ ആഗ്രഹിച്ചിരുന്നത് ജമാഅത്തിന്റെ എതിരാളികളുടെ ചില ഗ്രന്ഥങ്ങൽ വായിക്കാം എന്നായിരുന്നു." അവസാനം ജൂലൈ 2009 ൽ അഞ്ച് കൂട്ടുകാരോടൊപ്പം അദ്ദേഹം ബൈഅത്ത് ചെയ്യുകയുണ്ടായി.

ഐവറിക്കോസ്റ്റിലെ ഗ്രാമമായ ശിനാലയിലെ ബീമാ സാഹിബ് ജനങ്ങ

ളുടെ മുമ്പാകെ ഒരു അത്ഭുത സംഭവം വിവരിക്കുകയുണ്ടായി.''20 വർഷം മുമ്പ് ഞാൻ കഠിനമായ രോഗത്തിന്റെ പിടിയിലായി. അപസ്മാരം ഇടക്കിടക്കുണ്ടാകും. പല ചികിത്സയും ചെയ്തുനോക്കി. ഒരു കുറവും വന്നില്ല. പട്ടണത്തിലെ ഒരു പണ്ഢിതൻ മന്ത്രിച്ചൂതിയ ഏലസും നൂലും കെട്ടാൻവേണ്ടി തന്നുകൊണ്ട് പറഞ്ഞു. ഇത് നീ കെട്ടുക. ഇതാണ് നിന്റെ രോഗത്തിനുള്ള ചികിത്സ. ഈ ദിനങ്ങളിൽ കശ്ഫിൽ ഒരു ഭക്തനായ വ്യക്തി പ്രത്യക്ഷപ്പെട്ടു. എന്നിട്ട് എന്നോട് ചോദിച്ചു. എന്താണ് നീ ഈ കെട്ടിയിരിക്കുന്നത്. ഇത് അയിച്ചുമാറ്റുക. അപ്പോൾ എന്റെ മനസ്സിൽ ശക്തമായി വന്ന ചിന്ത ഈ വ്യക്തി ഇമാം മഹ്ദിയാണെന്നാണ്. ഞാൻ കെട്ടിയിരുന്ന ഏലസ്സും നൂലും അയിച്ചുമാറ്റി. ആ ദിവസം തന്നെ അല്ലാഹു എനിക്ക് സൗഖ്യം നൽകി. അതിനുശേഷം ഇന്നുവരെ അപസ്മാരത്തിന്റെ ഒരു ലക്ഷണവും എന്നിൽ പ്രകടമായിട്ടില്ല. ആ ദിവസം തന്നെ ഇമാം മഹ്ദിയെ സ്വീകരിച്ചുകൊണ്ട് ഞാൻ ഇമാംമഹ്ദിയെ അന്വേഷിക്കുകയായിരുന്നു. നിങ്ങൾ വന്ന് ഇമാം മഹ്ദിയെക്കുറിച്ച് കാര്യങ്ങൾ പറയുകയുണ്ടായി. അപ്പോൾ എനിക്ക് മനസ്സിലായി എനിക്ക് ഇമാം മഹ്ദിയെ കിട്ടിയിരിക്കുന്നു എന്ന്.'' ഇതിനുശേഷം നമ്മുടെ മുബല്ലിഗ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെയും ഖലീഫമാരുടെയും ഫോട്ടോ കാണിച്ചുകൊടുത്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോയിലേക്ക് നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു. ''ഞാൻ സ്വപ്നത്തിൽ കണ്ട ഭക്തനായ വ്യക്തി ഇദ്ദേഹം തന്നെയായിരുന്നു. ഏലസ്സ് കെട്ടുന്നതിൽ നിന്നും എന്നെ തടഞ്ഞത് ഇദ്ദേഹമാണ്.''

ഇന്നുള്ള മൗലവിമാരും പീറ് ഫഖീറുകളും ഇങ്ങിനെയുള്ള പലതും അവരുടെ വരുമാനത്തിനായി ദീനിൽ കടത്തിക്കൂട്ടിയിരിക്കുകയാണ്. ഈ അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കുന്നതിനാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്നിട്ടുള്ളത്. ഇമാം മഹ്ദി എന്ന് അദ്ദേഹത്തിന് പേര് നൽകിയതും ഇതിന്നാണ്.

അബൂദാബിയിൽ നിന്ന് ഒരാൾ എഴുതുന്നു,ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ എനിക്ക് ലഭ്യമായ ഗ്രന്ഥങ്ങളിൽ നിന്നും എം.ടി.എ യിലെ പ്രോഗ്രാമായ ഹിവാറുൽ മുബാശിറയുടെ സ്ഥിരമായി കാണുന്നതു മുഖേനയും ജമാഅത്തിന്റെ വിശ്വാസാദർശങ്ങൾ എന്തെല്ലാമാണെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. തുടക്കത്തിൽ അജ്ഞത കാരണം ഇതിനെയെല്ലാം നിഷേധിക്കുകയാണ് ഞാൻ ചെയ്തത്. വിശുദ്ധ ഖുർആനും ഹദീസുകളും അല്ലാഹുവിന്റെ നടപടിക്രമത്തെയും ഞാൻ ഗഹനമായി പഠന വിധേയമാക്കിയപ്പോൾ എനിക്ക് മനഃസംതൃപ്തി കൈവന്നു. എന്റെ മുമ്പിൽ രണ്ട് മാർഗ്ഗങ്ങൾ തുറക്കപ്പെട്ടു. ഒന്ന് ഹദ്റത്ത് ഈസബ്നു മർയം ആകാശത്ത് നിന്ന് ഇറങ്ങുന്നതും കാത്തിരിക്കുക. അതിനുമുമ്പ് ദജ്ജാൽ പുറപ്പെടുന്നതും കാത്തിരിക്കണം. ദജ്ജാലിന്റെ ചില ഗുണങ്ങൾ വിവരിച്ചത് അല്ലാഹുവിന് മാത്രമുള്ളതാണ്. മരിച്ചവരെ ജീവിപ്പിക്കുക തുടങ്ങിയവ. ജിന്ന് പ്രേതം എന്നീ വിശ്വാസങ്ങളും ഖുർആനിലെ ആയത്തുകൾ മൻസൂഖായിട്ടുണ്ടെന്ന വിശ്വാസവും എല്ലാം സ്വീകരിച്ചുകൊണ്ട് കഴിച്ചുകൂട്ടുക. അല്ലെങ്കിൽ ഹദ്റത്ത് അഹ്മദ് (അ) നെ വാഗ്ദത്ത മസീഹും മഹ്ദിയും ആയി അംഗീകരിക്കുക. അദ്ദേഹം ഇസ്ലാമിനെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും രക്ഷിക്കുകയുണ്ടായി. ഇസ്ലാമിന്റെ സുന്ദരമുഖത്തെ തെളിയിച്ചു കാണിക്കുകയും ചെയ്തു. മാത്രമല്ല. അദ്ദേഹം തിരുനബി (സ) ക്കെതിരിൽ വന്ന ആക്ഷേപങ്ങളെ പ്രതിരോധിക്കുകയും ചെയ്തു. ഏതായിരുന്നാലും ഞാൻ അല്ലാഹുവിനോട് സഹായം തേടി. കൂടുതലായി പ്രാർത്ഥിച്ചു. അല്ലാഹുവേ നീ എനിക്ക് വഴി കാട്ടേണമേ എന്നും നിന്റെ പ്രീത മാർഗ്ഗത്തിൽ എന്നെ കൊണ്ടുപോകേണമേ എന്നും പ്രാർത്ഥിച്ചു. ഇതിനുശേഷം അഹ്മദിയ്യ ജമാഅത്തിലേക്കും ഹദ്റത്ത് അഹ്മദ് (അ) ലേക്കും എനിക്ക് പ്രത്യേക താൽപര്യം ജനിക്കുകയുണ്ടായി. ഞാൻ നിയമം പഠിച്ചിട്ടുണ്ട്. നബി (സ) യെക്കുറിച്ച് ഹദ്റത്ത് അഹ്മദ് (അ) ന്റെ പദ്യങ്ങൾ കേട്ടപ്പോൾ എന്റെ ശരീരം വിറകൊള്ളാൻ തുടങ്ങി. കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുകവിഞ്ഞു. ഇങ്ങനെയുള്ള പദ്യങ്ങൾ ഒരിക്കലും ഒരു വ്യാജവാദിക്ക് പറയാൻ പറ്റില്ല. തിരുമേനിയോടുള്ള ഈ അതിരറ്റ സ്നേഹം ഒരു കള്ളവാദിയുടെ ഹൃദയത്തിൽ എങ്ങിനെയുണ്ടാകാനാണ്. മാത്രമല്ല അനറബിയായ ഒരു വ്യക്തിക്ക് ഇത്രയും സാഹിത്യസമ്പുഷ്ഠമായ രീതിയിൽ അറബിഭാഷയിൽ രചിക്കാൻ കഴിയുക എന്നതും അല്ലാഹുവിന്റെ സഹായമില്ലാതെ അസംഭവ്യംതന്നെ. ഇങ്ങനെ അല്ലാഹു അദ്ദേഹത്തിന് ഹിദായത്തിനുള്ള മാർഗം തുറന്ന്കൊടുത്തു.

ശ്യാമിൽ നിന്നുള്ള ഹരിം സാഹിബ് എഴുതുന്നു.''ഞാൻ ഒരു സാധാരണക്കാരനാണ്. എഴുത്തും വായനയും അറിയില്ല. അതേപോലെ എനിക്ക് വലിയ സാമ്പത്തിക കഴിവും ഇല്ല. കഴിഞ്ഞ 4 മാസങ്ങൾക്കുള്ളിൽ ഞാൻ പല സ്വപ്നങ്ങളും കണ്ടിട്ടുണ്ട്. അതിൽ കണ്ടത് എന്റെ ആത്മാവ് പിടിക്കപ്പെടുകയാണ്. അവസാനം കണ്ട സ്വപ്നത്തിൽ തിരുനബി (സ) ശർത്തൂത്ത് എന്ന സ്ഥലത്ത് വന്നിരിക്കുന്നു. ഞങ്ങളുടെ വീട്ടിലെ ഒരു റൂമിൽ കയറി ഇരിക്കുകയാണ്. അതിന് ശരിക്കും ഒരു വാതിൽ മാത്രമേ ഉള്ളൂ. എന്നാൽ സ്വപ്നത്തിൽ അതിന് രണ്ട് കവാടകങ്ങൾ ഉള്ളതായാണ് കണ്ടത്. ഒന്ന് പടിഞ്ഞാറ് വശത്തും മറ്റേത് കിബ്ലക്ക് നേരേയും. എന്റെ പിതാവ് ആ വാതിലിന്റെ അടുത്ത് നിൽക്കുകയായിരുന്നു. റസൂൽ (സ) ന് സലാം പറയാൻ അദ്ദേഹം പറഞ്ഞു. റസൂലുല്ലാഹ് (സ) ക്ക് ഞാൻ സലാം ചൊല്ലി കൈകൊടുത്തു. റസൂൽ (സ) യിൽ നിന്നും മന്ദമാരുതൻ എന്നിലേക്ക് പ്രവഹിച്ചു. അങ്ങനെ മനഃസംതൃപ്തി കൈവന്നു. ഞാൻ ചുറ്റുപാടും നോക്കിയപ്പോൾ ഹദ്റത്ത് ഇമാം മഹ്ദി (അ) തിരുനബി (സ) യുടെ പുതപ്പിനകത്തുതന്നെയുണ്ട്. അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഞാൻ ഇസ്തിഖാറ ചെയ്തു. ഇപ്രകാരം ഞാൻ പ്രാർത്ഥിച്ചു. അല്ലാഹുവെ ഞാൻ ഒന്നും അറിയാത്ത പാമരനായ വ്യക്തിയാണ്. എനിക്ക് നീ സത്യം കാണിച്ചുതന്നാലും. അല്ലാഹു എന്റെ മോശമായ പ്രവർത്തനങ്ങളെല്ലാം എനിക്ക് കാണിച്ചുതന്നു. കാരണം ഞാൻ കൃത്യമായി നമസ്ക്കരിക്കുന്നവനായിരുന്നില്ല. പിന്നീട് ഞാൻ സ്വപ്നത്തിൽ കാണുന്നത് എന്റെ മാതാവിനോടൊപ്പം ഞാൻ കബർസ്ഥാനിലെത്തിയതായാണ്. ഇമാം മഹ്ദി (അ) ന്റെ റൂഹ് പിടിക്കാനായി വന്നിട്ടുണ്ട്. അദ്ദേഹം എന്റെ കഴുത്തിന് നന്നായി ഒന്ന് ഇടിച്ചു. അതുകാരണം എന്റെ കഴുത്തിൽ ഒരു സീലിന്റെ അടയാളം പ്രത്യക്ഷപ്പെട്ടു. അതിനുശേഷം ഞാൻ അവിടെനിന്നും പുറപ്പെട്ടു. കുറേ കഴിഞ്ഞപ്പോൾ ഞാനൊരു യുവാവിനെ കണ്ടു. അത്ഭുതത്തോടെ ഞാൻ ചോദിച്ചു. എന്റെ കഴുത്തിൽ ഇമാം മഹ്ദിയുടെ സീൽ പതിഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞു. ''എന്റെ കഴുത്തിലും ആ അടയാളമുണ്ട്. ഇത് ബൈഅത്തിന്റെ സീലാണ്.''

അൽജസാഇറിലെ റുകൂക്ക് സാഹിബ് എഴുതുന്നു. ''ഒരിക്കൽ ഞാൻ ടി.വി. കാണുകയായിരുന്നു. പെട്ടെന്ന് നിങ്ങളുടെ ചാനൽ കാണുകയും ക്രൃസ്ത്യാനികളെ നേരിടുന്ന പരിപാടിയും കണ്ടു. നിങ്ങളുടെ ജമാഅത്ത് സത്യജമാഅത്താണെന്ന് എനിക്ക് ബോധ്യമായി. അപ്പോൾ ഞാനെന്റെ റബ്ബിനോട് പറഞ്ഞു. നാഥാ ഞാൻ ഈ ജമാഅത്തിൽ വിശ്വസിക്കുന്നു. ഇത് സത്യപ്പെടുത്താൻ എനിക്ക് സ്വപ്നത്തിന്റെയോ മറ്റൊന്നിന്റെയോ ആവശ്യമില്ല. ഞാൻ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ന്റെ സുന്നത്തനുസരിച്ച് ഹദ്റത്ത് ഇമാം മഹ്ദിയെ സ്വീകരിക്കുന്നു. (ഇങ്ങനെയുള്ള സദ്പ്രകൃതക്കാരും ഉണ്ടാകും. സത്യമാണെന്ന് മനസ്സിലായാൽ പിന്നെ അതിനുള്ള അടയാളം അന്വേഷിച്ച് നടക്കില്ല) അദ്ദേഹം പറയുന്നു. ''ഞാൻ ഒരിക്കൽ സ്വപ്നത്തിൽ കണ്ടു. നാസിർ സലാഹുദ്ദീൻ ക്രൃസ്ത്യാനികളോട് നേരിടാൻ ഒരു സംഘത്തിന് നേതൃത്വം നൽകുന്നു. പെട്ടെന്ന് ആകാശം

പിളർന്നു. ഒരു ശബ്ദം ഞാൻ കേട്ടു. നിന്റെ മൊബൈൽ ഓണാക്കുക. അതിൽ ഒരു നമ്പർ വരും ആ വർഷം ഇസ്‌ലാം മറ്റു മതങ്ങളിൽ വിജയിക്കുന്നതും ലോകം മുഴുവനും വ്യാപിക്കുന്നതുമാണ്. ഞാൻ മൊബൈൽ തുറന്നപ്പോൾ അതിൽ കണ്ട നമ്പർ 2150 എന്നാണ്. ഞാൻ കരുതി 2150ാം വർഷമായിരിക്കും ഇത് നടക്കുക. പെട്ടെന്ന് ഞാൻ കണ്ണ് തുറന്നു. വാച്ച് നോക്കിയപ്പോൾ 21:50 എന്ന സമയമാണ് കണ്ടത്. അതായത് രാത്രി 9:50

അദ്ദേഹം തുടർന്ന് പറയുന്നു: ''ഏഴ് മാസം മുമ്പാണ് ബൈഅത്ത് ചെയ്തത്. അന്നുമുതൽ ഞാൻ നഫൽ നോമ്പ് പിടിക്കുന്നുണ്ട്. ഒരു സ്വപ്നത്തിൽ ഞാൻ കണ്ടത് തിരുനബി (സ) മുല്ലാക്കളോടും പണ്ഢിതരോടും കോപാകുലനാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ നോക്കിക്കൊണ്ട് ഉറച്ച് സ്വരത്തിൽ പറയുകയാണ്. ''ഇദ്ദേഹം റസൂലാണ്. എനിക്ക് ശേഷം വന്ന നബിയും'' ഈ രീതിയിലും അല്ലാഹു ദൂരത്തുള്ള വ്യക്തിക്ക് അദ്ദേഹം ദുആ ചെയ്തതിന്റെ ഫലമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ നുബുവ്വത്തിന്റെ സ്ഥാനം വെളിപ്പെടുത്തിക്കൊടുക്കുന്നു.''

ജസാഇറിലെ ഹദാത്ത് സാഹിബ് പറയുന്നു. 2004 ൽ റമദാനിൽ ഞാൻ സ്വപ്നത്തിൽ കാണുകയാണ്. ഒരാൾ വന്ന് എന്നോട് പറയുന്നു. ''വരൂ നിങ്ങളെ ഞാൻ തിരുനബിയുടെ ദർശനത്തിനായി കൊണ്ടുപോകാം.'' ഞാൻ കാണുന്നത് ഒരു മീറ്റർ ഉയരമുള്ള മതിലിന് അപ്പുറത്ത് നബി (സ) നിൽക്കുന്നു. തിരുനബി (സ)യുടെയും മതിലിന്റെയും ഇടയിൽ ഗോതമ്പത്തിന്റെ നിറത്തിലുള്ള ഒരാൾ നിൽക്കുന്നുണ്ട്. അദ്ദേഹത്തിന്ന് കറുത്ത് ഇടതൂർന്ന താടിയുണ്ട്. തിരുനബി (സ) ആ വ്യക്തിയെ ചൂണ്ടിക്കൊണ്ട് പറയുകയാണ്. **ഹാദാ റസൂലുല്ലാഹ്.** ഇദ്ദേഹം അല്ലാഹുവിന്റെ റസൂലാണ്. പിന്നീട് അദ്ദേഹം കിഴക്കു ഭാഗത്തുള്ള ഒരു പ്രകാശത്തിലേക്ക് നടന്നുപോകുന്നു. എന്നാൽ ഈ വ്യക്തി അവിടെത്തന്നെ നിൽക്കുന്നു.

4 വർഷത്തിനുശേഷം 2008 ൽ എനിക്ക് നിങ്ങളുടെ ചാനൽ കാണാനുള്ള അവസരം ലഭിച്ചു. അതിൽ തിരുനബി (സ) യുടെ കൂടെ കണ്ട വ്യക്തിയുടെ ഫോട്ടോ കാണാൻ സാധിച്ചു. അത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ ആയിരുന്നു. അതിനുശേഷം ഞാൻ ബൈഅത്ത് ചെയ്തു.

കുർദിസ്ഥാനിലെ ശംസുദ്ദീൻ സിദ്ദീഖ് സാഹിബ് എഴുതുന്നു. ''ഞാൻ 25 വർഷം മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ചന്ദ്രനിൽ ഇരുന്ന് കൊണ്ട് ആകാശത്ത് നിന്ന് ഇറങ്ങുന്നതായി സ്വപ്നത്തിൽ കണ്ടിരുന്നു. എം.ടി. എ കണ്ടപ്പോൾ ചന്ദ്രനിൽ നിന്നും ഇറങ്ങുക എന്നതിന്റെ വ്യാഖ്യാനം എം.ടി.എ ആണെന്ന് മനസ്സിലായി. അതുകൊണ്ട് ഞാൻ ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു.''

ഇറാഖിൽ നിന്നും അബ്ദുറ്റഹീം സാഹിബ് എഴുതുന്നു. ''കുറച്ച് മുമ്പ് ഞാൻ സ്വപ്നത്തിൽ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്നോട് പറയുകയാണ്. നിങ്ങൾ നമ്മുടെ ആളാണ്. അതുകൊണ്ട് ബൈഅത്ത് ചെയ്യേണ്ടതായിരുന്നു. അതുകൊണ്ട് ഞാൻ ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. ഇത് സ്വീകരിച്ചാലും.''

മിസ്റിലെ മഹമൂദ് അഹ്മദ് സാഹിബ് എഴുതുന്നു. ''ബൈഅത്തിനു മുമ്പ് ഞാൻ ഇരുട്ടിൽ തപ്പുകയായിരുന്നു. കാരണം ഈ നാമധാരികളായ ഉലമാവർഗം പുറപ്പെടുവിക്കുന്ന ഫത്‌വകൾ യുക്തിക്ക് നിരക്കാത്തതായിരുന്നു. ഒരു മുസ്‌ലിഹ് വരുമെന്ന് ഇവരെല്ലാവരും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. ദുആയും ചെയ്യുന്നുണ്ട്. എന്നിട്ടും മുസ്‌ലിംങ്ങളുടെ അവസ്ഥ വഷളായിക്കൊണ്ടേയിരിക്കുന്നു. മറ്റു മുസ്‌ലിംകളെപ്പോലെ ഞാനും പല സംശയത്തിലും സന്ദേഹത്തിലും കുടുങ്ങിപ്പോയിരുന്നു. എന്തിനാണ് ഞാൻ നമസ്ക്കരിക്കുന്നത്. എന്തിനാണ് ഞാൻ മുസ്‌ലിം ആയത്. ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടോ. മുസ്‌ലിംകളുടെ ഐക്യം എങ്ങനെ സാധ്യമാകും. ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി എനിക്ക് എവിടെന്നും ലഭിക്കുന്നുണ്ടായിരുന്നില്ല. പല ചാനലുകളും ഞാൻ പരിശോധിച്ചു. ക്രിസ്തുമതത്തിൽ സംതൃപ്തി കൈവരുമോ എന്ന് അന്വേഷിച്ചു. ശിയാക്കൾക്ക് വല്ല പരിഹാരവും നിർദേശിക്കാൻ കഴിയുമോ എന്ന് നോക്കി. അപ്പോഴാണ് എം.ടി.എ അൽ അറബിയ്യ എന്ന ചാനൽ കണ്ടത്. അതിൽ അപരിചിതരായ ആളുകളെ കണ്ടു. അവർ മുസ്‌ലിംകളോട് സാദൃശ്യമുള്ളവരായിരുന്നു. എന്നാൽ അവരുടെ സംസാരമെല്ലാം അപരിചിതമായിരുന്നു. എന്നാൽ എല്ലാം വിശുദ്ധ ഖുർആനുമായി ബന്ധപ്പെട്ടതുതന്നെയായിരുന്നു. അവരുടെ ചാനൽ ഇസ്‌ലാമിന്റെ കാര്യങ്ങൾ പറയുന്നത് തന്നെയായിരുന്നെങ്കിലും എന്നെ സംബന്ധിച്ച് ഇവരുടെ ഇസ്‌ലാം പരിചയമില്ലാത്തതായിരുന്നു. അതിൽ പറയുന്നത് ഇമാം മഹ്ദി വെളിപ്പെട്ടിട്ടുണ്ടെന്നാണ്. അദ്ദേഹം തന്നെയാണ് ദജ്ജാലിനെ കൊല്ലുന്ന വാഗ്ദത്ത മസീഹും. വിശുദ്ധ ഖുർആന്റെ പ്രകാശം ഉൾകൊണ്ടുകൊണ്ടുള്ള നീതിമാനായ വിധികർത്താവും അദ്ദേഹം തന്നെ. അല്ലാഹുവിന്റെ വഹ്‌യിന്റെ അടിസ്ഥാനത്തിൽ മഹ്ദി എന്ന സ്ഥാനപ്പേരിനും അർഹനാകുന്നവൻ അദ്ദേഹം തന്നെ. വഹ്‌യ് മുറിഞ്ഞുപോയിട്ടില്ല. ഇതെല്ലാം കേട്ടപ്പോൾ അതിനെക്കുറിച്ച് കൂലങ്കഷമായി ചിന്തിച്ചുകൊണ്ടിരുന്നു. കുറച്ചു ദിവസം വരെ എനിക്ക് തല കറങ്ങാൻ തുടങ്ങി. എന്താണ് ഞാനീ കേൾക്കുന്നത്. ഞാൻ നോർമ്മലായപ്പോൾ എന്റെ മനസ്സ് പറഞ്ഞത് ഇനിയും പ്രോഗ്രാം കാണണമെന്നാണ്. എന്റെ മനസ്സിൽ വന്ന മറ്റൊരു ചിന്ത ഉലമാക്കളെന്ന് പറയുന്ന ഭൂരിപക്ഷവും ഇവരെ കാഫിറാണെന്നല്ലെ പറയുന്നത്. (ഇതിന്നിടയിൽ അദ്ദേഹം അന്വേഷിക്കുകയും ഉലമാക്കളോട് ചോദിക്കുകയും ചെയ്തിരുന്നു. അവർ പറഞ്ഞത് ഇവർ കാഫിറാണെന്നാണ്.) അപ്പോഴാണ് എനിക്ക് ഓർമ്മവന്നത് എല്ലാ പ്രവാചകന്മാരും കള്ളവാദിയാണെന്ന് പറയപ്പെട്ടിട്ടുണ്ട്. അവരെ മന്ത്രവാദിയെന്നും ഭ്രാന്തനെന്നും ജനങ്ങൾ പറഞ്ഞിട്ടില്ലെ. നമ്മുടെ പ്രവാചകൻ (സ) പറഞ്ഞിട്ടുപോയത് ഉമ്മത്ത് കക്ഷികളായിപ്പിരിയും എന്നാണ്. ഇസ്‌ലാം അപരിചിതമായ അവസ്ഥയിലാണ് തുടങ്ങിയത്. അപരിചിതമായ അവസ്ഥയിലേക്ക് തന്നെ തിരിച്ചുപോകുന്നതാണ്. അങ്ങനെയുള്ള അപരിചതർ അനുഗ്രഹീതർ. ഉലമാക്കൾ കുറേ ഉണ്ടാകും. എന്നാൽ യഥാർത്ഥജ്ഞാനികൾ കുറവായിരിക്കും എന്നുമുള്ള പ്രവചനവും ഉണ്ട്. പ്രയാസങ്ങൾ എല്ലാം ഉണ്ടായാലും മഹ്ദി ഇമാമിനെ പിൻപറ്റേണമെന്ന് തിരുനബി (സ) താക്കീദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം പറയുന്നു. ''അവസാനം ഞാൻ അല്ലാഹുവിനോട് സഹായം തേടി, ദുആ ചെയ്തു, നമസ്ക്കരിച്ചു, വിശുദ്ധ ഖുർആൻ പാരായണം അധികരിപ്പിച്ചു. അല്ലാഹുവിന്റെ കൽപനപ്രകാരം ആ മഹാത്മാവ് ഒരു ജമാഅത്ത് രൂപീകരിച്ചിട്ടുണ്ടെന്നും എനിക്കറിയാൻ കഴിഞ്ഞു. അതിന്റെ ഇമാം അദ്ദേഹമാണ്. ഈ ജമാഅത്തിന്റെ പ്രവർത്തനരൂപരേഖ വിശുദ്ധ ഖുർആനാണ്. വാക്കിലും പ്രവർത്തിയിലും ഇവരുടെ മാതൃക **ഖാത്തമുന്നബിയ്യീൻ** തിരുനബി (സ) ആണ്. ഇസ്‌ലാമിന്റെ സത്യത വെളിപ്പെടുത്തുന്നതിന് അദ്ദേഹം ഊന്നൽ നൽകിയിരിക്കുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങളിൽ നിന്ന് ശരിയായതിനെ മാത്രം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. മറ്റുള്ളവ തെറ്റാണെന്ന് തെളിയിക്കുകയും ചെയ്തിരിക്കുന്നു. ഇക്കാര്യങ്ങളെക്കുറിച്ച് ഞാൻ ചിന്തിച്ചു. ഇതെല്ലാം ശരിയാണെന്നും പവിത്രമാണെന്നും മനസ്സിലായി. വ്യാജനായ ഒരാൾക്ക് ഇങ്ങനെയുള്ളതൊന്നും വിവരിക്കാൻ കഴിയില്ലെന്നും മനസ്സിലായി. ഇങ്ങനെയുള്ള കാര്യങ്ങളിൽ എനിക്ക് താൽപര്യം ജനിച്ചു. വിശുദ്ധ ഖുർആനും തിരുനബി (സ)യും പറഞ്ഞതും സഹാബാക്കൾ വിശ്വസിച്ചതും, സുന്നത്തിൽ നിന്ന് മനസ്സിലാകുന്നതുമെല്ലാം ഇതുതന്നെയാണ്. ഹദീസുകൾ പരിശോധിച്ചപ്പോൾ അതും ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ പിന്തുണക്കുന്നുണ്ടെന്ന് മനസ്സിലായി. എന്നാൽ മുമ്പുള്ളവരുടെ കാര്യങ്ങൾ വായിച്ചിട്ടില്ലാത്ത, പണ്ഢി

തരുടെ മാത്രം വാക്കുകൾ കേൾക്കുന്ന ഒരു സാധാരണ മുസ്‌ലിമിന് ഇതെല്ലാം അപരിചിതമായേ തോന്നുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ തെളിവുകൾ ശരിയും ശക്തവുമാണെന്നതിൽ എനിക്ക് സംശയമൊന്നുമില്ല. അവസാന തീരുമാനത്തിനായി ഞാൻ ഇസ്തിഖാറ ചെയ്തു. 2007 ലെ റമദാനിൽ രണ്ട് സ്വപ്നങ്ങൾ കണ്ടു. അതിലൂടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യത എനിക്ക് വ്യക്തമാകുകയുണ്ടായി. ഒന്നാമത്തെ സ്വപ്നം ഞാൻ കണ്ടത് ഇപ്രകാരമാണ്. വാഗ്ദത്ത മസീഹ് (അ) തിരുനബി (സ) യെ ഗലീസ് എന്ന പച്ച നിറത്തിലുള്ള ഒരു പഴം തീറ്റിക്കുകയാണ്. അതുകാരണം ഞാൻ ഉടനെ ബൈഅത്ത് ചെയ്തു. അദ്ദേഹം പറയുന്നു. അതിനുശേഷം എന്റെ അവസ്ഥ വളരെ മെച്ചപ്പെട്ടു.

ഗേമ്പിയയിലെ തഹസീൽദാറായ ഒരാൾ പറയുന്നു. "ഞാൻ സ്വപ്നത്തിൽ ഇപ്രകാരം കണ്ടു. രണ്ടാൾ വന്നുകൊണ്ട് പറയുന്നു. "ഇത് മഹ്ദീ ഇമാം വെളിപ്പെടേണ്ട കാലമാണ്. അദ്ദേഹം വന്നിരിക്കുന്നു." ആ രണ്ടു പേരേയും എപ്പോഴും ഞാൻ സ്വപ്നത്തിൽ കാണുമായിരുന്നു. ഒരിക്കൽ ഞാൻ സെനിഗാളിന്റെ തലസ്ഥാനമായ ഡക്കാറിൽ വെച്ച് സ്വപ്നം കണ്ടു. എന്റെ സഹോദരപുത്രൻ കുതിരപ്പുറത്ത് സവാരി ചെയ്തുകൊണ്ട് വളരെ വേഗത്തിൽ വരികയാണ്. എന്നിട്ട് പറയുന്നു. "താങ്കളെ സമുദ്ര തീരത്ത് രണ്ടുപേര് കാത്തിരിക്കുന്നുണ്ട്. ഞാൻ അവിടെ എത്തിയപ്പോൾ ഒരാൾ അടുത്തയാളെ ചൂണ്ടിക്കൊണ്ട് പറയുകയാണ്. "ഇദ്ദേഹം ഇക്കാലത്തെ മഹ്ദി ഇമാമാണ്. അദ്ദേഹത്തെ അംഗീകരിക്കുക."

ഈ വ്യക്തി നമ്മുടെ മുബല്ലിഗിന്റെ അടുത്ത് വന്നതായിരുന്നു. അദ്ദേഹം ചോദിച്ചു "ഞാൻ നിങ്ങൾക്ക് ഫോട്ടോ കാണിച്ചുതരട്ടെ." ഫോട്ടോ കാണിച്ചുകൊടുത്തപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ കണ്ട് ഉടനെ അദ്ദേഹം പറഞ്ഞു. "ഇദ്ദേഹത്തെ തന്നെയാണ് ഞാൻ ഫോട്ടോയിൽ കണ്ടത്."ഇദ്ദേഹം രണ്ട് പേരെ കണ്ടിരുന്നല്ലോ മസീഹ് മൗഊദ് (അ) ന്റെയും ഖലീഫമാരുടെയും ഫോട്ടോയാണ് അദ്ദേഹത്തെ കാണിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോയിൽ വിരൽ വെച്ചുകൊണ്ട് ആ വ്യക്തി ഇദ്ദേഹമാണെന്ന് പറഞ്ഞു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ ഫോട്ടോയിൽ വിരൽ വെച്ചുകൊണ്ട് പറഞ്ഞു. "രണ്ടാമത്തെ വ്യക്തി ഇദ്ദേഹമാണ്. ഇദ്ദേഹമാണ് ഇമാം മഹ്ദിയുടെ കൂടെ ഉണ്ടായിരുന്നത്." അദ്ദേഹം പറയുന്നു. നമ്മുടെ മുബല്ലിഗ്മാർ അദ്ദേഹത്തിന്റെ ഗ്രാമത്തിൽ പോവുകയും ഫോട്ടോകൾ കാണിച്ചുകൊടുക്കുകയും ചെയ്തപ്പോൾ അദ്ദേഹം തന്റെ മറ്റൊരു സ്വപ്നം കേൾപ്പിച്ചു. ഞാൻ ഇന്ന് ഒരു സ്വപ്നം കാണുകയുണ്ടായി. രണ്ട്പേര് ഒരു കാറിൽ വന്ന് ഞാൻ കുറേ കാലമായി സ്വപ്നത്തിൽ കാണുന്നവരുടെ ഫോട്ടോ എനിക്ക് കാണിച്ചുതരുന്നു. ഈ സ്വപ്നം ഞാൻ എന്റെ ഭാര്യയെ കേൾപ്പിച്ചുകൊണ്ട് പറഞ്ഞു."ഇന്ന് ചില അതിഥികൾ വന്നേക്കാം." അതുകൊണ്ട് ഇന്ന ഞാൻ എവിടെയും പോയില്ല. അതിഥികൾ എപ്പോൾ വരും എന്ന് കാത്തിരിക്കുകയായിരുന്നു.യഥാർഥത്തിൽ അല്ലാഹു എനിക്കറിയിച്ചു തന്ന ആ വ്യക്തികൾ നിങ്ങൾ തന്നെയാണ്. നിങ്ങൾ വന്നത് വൈകുന്നേരം, എനിക്ക് ഫോട്ടോയും കാണിച്ചുതരികയുണ്ടായി. എന്റെ സ്വപ്നം പൂർത്തിയായി. വളരെ ആവേശത്തോടെ അദ്ദേഹം പറഞ്ഞു. ഞാനിന്ന് എല്ലാവരുടെയും മുമ്പാകെ പ്രഖ്യാപിക്കുകയാണ് അല്ലാഹു എന്നോട് ഇമാം മഹ്ദി വെളിപ്പെട്ടിരിക്കുന്നു എന്ന് അറിയിച്ചിരിക്കുന്നു. അഹ്മദിയ്യത്ത് സത്യമാണ്."

കലാബ് സബീൽ സാഹിബ് അൽ ജസാഇറിലുള്ള വ്യക്തിയാണ്. അദ്ദേഹം ഒരു സ്വപ്നം കാണുകയുണ്ടായി. വെളുത്ത നിറമുള്ള ഒരു വ്യക്തി എന്നോട് പറയുകയാണ്. നിന്റെ കൈ എന്റെ കൈയ്യിൽ തരിക. ഞാൻ നിന്നെ കൂടെ കൊണ്ടുപോകാം. എന്നാൽ എനിക്ക് അൽപം സങ്കോചവും ഭയവുമായിരുന്നു. ഒരു വർഷം വരെ ഞാനീ സ്വപ്നം കണ്ടുകൊണ്ടിരുന്നു. അവസാനം ഈ വെള്ള മനുഷ്യന്റെ കാര്യങ്ങൾ ഞാൻ അംഗീകരിച്ചു. അദ്ദേഹത്തോടൊപ്പം മറ്റൊരാളും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ രൂപഭാവങ്ങൾ കണ്ടാൽ അദ്ദേഹം ഉന്നതമായ വ്യക്തിത്വത്തിന്റെ ഉടമയാണെന്ന് മനസ്സിലാകും. ആ വ്യക്തിയാണ് ആ വെളുത്ത വ്യക്തിയോട് എന്റെ കൈ പിടിച്ച് കൂടെ കൊണ്ട് വരാൻ കൽപ്പിച്ചുകൊണ്ടിരുന്നത്. കുറേ വർഷങ്ങൾ കഴിഞ്ഞപ്പോൾ നയിൽ സാറ്റിൽ എന്നെ വിളിച്ച വ്യക്തിയെയും അതേപോലെ എന്നെ കൊണ്ടുവരാൻ പറഞ്ഞ വ്യക്തിയേയും കാണുകയുണ്ടായി. ഇവരാരാണെന്ന് എനിക്ക് ആശ്ചര്യമായി. എനിക്ക് യഥാർഥ്യം വെളിപ്പെട്ടപ്പോൾ ഞാൻ ആത്മഗതം പറഞ്ഞു. അല്ലാഹു ഇതെല്ലാം എനിക്ക് കാണിച്ചുതന്നിരിക്കുന്നത് ഞാൻ ബൈഅത്ത് ചെയ്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ ചേരുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് ഞാൻ ബൈഅത്ത് ചെയ്യുകയുണ്ടായി. സ്വപ്നത്തിൽ കണ്ട വെളുത്ത വ്യക്തി മുസ്തഫാ സാബിക് സാഹിബ് ആയിരുന്നു. അദ്ദേഹത്തോട് പറയുന്ന വ്യക്തി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ആയിരുന്നു.

ഇറാഖിലെ ശാഹിദ് മാലിക് സാഹിബ് പറയുന്നു. "എനിക്ക് എം.ടി.എ മുഖേന അറബി ചാനൽ തുടങ്ങുന്നതിനു മുമ്പേ ജമാഅത്തിനെക്കുറിച്ച് അറിയാൻ കഴിഞ്ഞു. അപ്പോഴൊക്കെ ഞാൻ ഖലീഫ റാബിഇനെ ബുദ്ധമതത്തിന്റെ പ്രതിനിധിയായാണ് മനസ്സിലാക്കിയിരുന്നത്. ഹുസൂറിന്റെ വഫാത്ത് നടന്നപ്പോൾ മുഹമ്മദീ പ്രകാശം അദ്ദേഹത്തിന്റെ മുഖത്ത് നിന്ന് പ്രസരിക്കുന്നതായി ഞാൻ കണ്ടു. വീട്ടിലുള്ളവരുടെ നാവിൽ നിന്നും വന്ന ശബ്ദം ഈ വ്യക്തി മുസ്‌ലിം ആയിരുന്നെങ്കിൽ എത്ര നന്നായേനെ. ഇതെല്ലാമായിരുന്നിട്ടുകൂടി ഹുസൂറിന്റെ വഫാത്തിൽ ഞങ്ങളെല്ലാവരും കുറെ കരഞ്ഞു. പിന്നീട് കുറേ കഴിഞ്ഞപ്പോൾ യാദൃശ്ചികമായി എം.ടി.എയിലൂടെ അറബിക്ക് ചാനൽ കാണാനിടയായി. അപ്പോൾ മുതൽ ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. എന്റെ ഭാര്യ രണ്ട് സ്വപ്നങ്ങൾ കണ്ടതിനുശേഷം ആദ്യ ആഴ്ചയിൽ തന്നെ ബൈഅത്ത് ചെയ്തിരുന്നു. ആദ്യത്തെ സ്വപ്നത്തിൽ കണ്ടത് ഹദ്റത്ത് അലി (റ) എന്റെ മകൾക്ക് ചില കടലാസുകൾ നൽകുന്നു. എന്റെ ഭാര്യ നോക്കിയപ്പോൾ അത് ബൈഅത്ത് ഫോറമാണെന്ന് മനസ്സിലായി. രണ്ടാമത്തെ സ്വപ്നത്തിൽ കണ്ടത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കത്ത് എന്റെ ഭാര്യയുടെ പേരിൽ ആരോ കൊണ്ടുവന്നിട്ടുണ്ട്. അതിൽ എഴുതിയത് ഇപ്രകാരമാണ്. "ആരാണോ എന്റെ ഭവനത്തിൽ പ്രവേശിക്കുന്നത് അവർ എന്റെ അഹ്‌ലെബൈത്തിൽ പെട്ടവരാണ്." ഇതിനുശേഷം എന്റെ ഭാര്യ പല സ്വപ്നങ്ങളും കണ്ടിട്ടുണ്ട്. എന്റെ മകനും അവന്റെ ഭാര്യയും മൂന്ന് മാസം മുമ്പു ബൈഅത്ത് ചെയ്തു. പറയുന്നു. "മറ്റൊരു സ്വപ്നം ഇപ്രകാരമാണ്. ഞങ്ങൾക്ക് നജബ് എന്ന സ്ഥലത്ത് ഇമാം മഹ്ദി വെളിപ്പെട്ടതായി അറിയാൻ കഴിഞ്ഞു. അദ്ദേഹത്തെ അന്വേഷിച്ച് മൂന്ന്പേർ പോയി. അദ്ദേഹത്തോട് ചോദിച്ചു. "താങ്കൾ ഇമാം മഹ്ദിയാണോ? ആണെങ്കിൽ ബൈഅത്ത് ചെയ്യാനാണ്." അദ്ദേഹം പറഞ്ഞു. "അല്ലേ അല്ല. ഞാൻ ഒരു മുസ്‌ലിഹ് മാത്രമാണ്. മഹ്ദി ഖാദിയാനിൽ വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു." മൂന്നാമത്തെ സ്വപ്നത്തിൽ അവർ എന്നെ (ഖലീഫത്തുൽ മസീഹ് ഖാമിസിനെ) കണ്ടു. ഒരു ഉയർന്ന സ്ഥലത്ത് ജനക്കൂട്ടത്തിൽ ഹുസൂർ പ്രസംഗിക്കുന്നതായാണ് കണ്ടത്. ജനങ്ങൾ എല്ലാം നിൽക്കുകയായിരുന്നു. ഞാൻ മാത്രം താങ്കളുടെ അടുത്ത് ഇരിക്കുന്നു. എന്നിട്ട് ഹൃദയത്തിൽ പറയുകയാണ്. "**സുബ്ഹാനല്ലാഹ്** ഇമാം മഹ്ദിയുടെ വസ്ത്രം താങ്കളെങ്ങിനെയാണ് അണിഞ്ഞത്." ഇതിനുശേഷം പ്രസംഗം അവസാനിച്ചു. ഹുസൂർ എന്റെ തലയിൽ കൈവെച്ചുകൊണ്ട് ചോദിച്ചു.

“നിങ്ങൾക്ക് തൃപ്തിയായോ?” എന്നിട്ട് പറഞ്ഞു. “നിങ്ങൾക്ക് വിശക്കുന്നുണ്ടെന്ന് തോന്നുന്നു. വരൂ ഞാൻ ഭക്ഷണം കഴിപ്പിക്കാം.”ഇത് മൂന്നാമത്തെ സ്വപ്നമായിരുന്നു. അദ്ദേഹം തുടർന്ന് ബൈഅത്ത് ചെയ്തു.

സിറിയയിലുള്ള യാസീൻ ശരീഫ് സാഹിബ് എനിക്ക് എഴുതിയ കത്തിൽ പറയുന്നു. “ഒരു കാര്യം താങ്കളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹുതആല ബൈഅത്തിന്ശേഷം എന്നെ അനുഗ്രഹങ്ങളാൽ കടാക്ഷിച്ചിരിക്കുന്നു. മുസ്‌ലിംകളുടെയും ഇസ്‌ലാമിന്റെയും അവസ്ഥ ഓർത്ത് ഞാൻ അതീവ ദുഃഖിതനായിരുന്നു. ഈ ദുഃഖത്തിൽ ഞാൻ ഇല്ലാതാകുമായിരുന്നു. പല കക്ഷികളെയും പണ്ഡിതരെയും ഞാൻ പിൻപറ്റി. അവസാനം ആരെയാണൊ ഞാൻ സ്വീകരിച്ചത് അദ്ദേഹം എന്നോട് പറഞ്ഞത്, ഞാൻ മറ്റൊരു വലിയ പണ്ഡിതന്റെ ശിഷ്യനാണ്. അദ്ദേഹം വലിയ ഒരു ഗുരുവാണ്. പിന്നീട് അദ്ദേഹം മഹ്ദിയാണെന്ന് വാദിച്ചു. അദ്ദേഹം സത്യത്തിൽ നിന്നും അകന്ന വ്യക്തിയാണെന്ന് എനിക്ക് വ്യക്തമായി മനസ്സിലായി. അദ്ദേഹത്തിന്റെ മുഖത്തുനോക്കിക്കൊണ്ട് ഞാൻ പറഞ്ഞു. “താങ്കൾ പറയുന്നത് കളവാണ്. ” പിന്നീട് തന്റെ ഭാര്യയോടൊപ്പം അദ്ദേഹം നശിച്ചുപോയി. 1997 ൽ ഞാൻ ഡിഷ് വാങ്ങി. മസ്ജിദിന്റെ ഇമാമത്ത് ഉപേക്ഷിച്ച് വീട്ടിൽ കുത്തിയിരിപ്പായി. ഞാൻ സത്യത്തിൽതന്നെയാണെന്ന വിശ്വാസമാണ് എനിക്കുണ്ടായിരുന്നത്. ഇസ്‌ലാമിന്റെ അതിശോചനീയമായ അവസ്ഥ കണ്ട് ഈ ജീവിതം വേഗം അവസാനിച്ചത് മതിയായിരുന്നു എന്നാണ് ഉള്ളിൽ ആഗ്രഹിച്ചിരുന്നത്. പരലോകജീവിതം, നിത്യജീവിതം തുടങ്ങിയിരുന്നെങ്കിൽ എന്നും ആഗ്രഹിച്ചു. പത്ത് വർഷത്തെ ഏകാന്തവാസത്തിന്റെയും മനഃപ്രയാസത്തിന്റെയും അവസ്ഥക്ക് ശേഷം അല്ലാഹു എന്നെ താങ്കളിലേക്ക് വഴികാട്ടി. ഇതുമുഖേന എനിക്ക് മനഃസംതൃപ്തിയും അധ്യാപനവും ലഭിച്ചു. ജൂണിൽ മാതാവിനെയും ഭാര്യയെയും കൂട്ടി ഉംറ ചെയ്യാൻ വേണ്ടി പോയി. പല ഉംറകളും ചെയ്തു. അതിൽ ആദ്യത്തേത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നു വേണ്ടി പിന്നീട് ഓരോ ഖലീഫക്കും വേണ്ടി ചെയ്തു. അല്ലാഹു ഇതെല്ലാം സ്വീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.”

എഴുതുന്നു. ബൈഅത്ത് ചെയ്യുന്നതിന് മുമ്പ് നാല് അഹ്മദി സഹോദരങ്ങളെ ഞാൻ സ്വപ്നത്തിൽ കണ്ടു. അവരോട് പറഞ്ഞു. “നിങ്ങൾ ഉന്നതങ്ങളിൽ വിരാചിക്കുന്നവരാണ്. നിങ്ങളെപ്പോലെയുള്ളവരാരുമില്ല.” അതിലുള്ള ഒരാൾ എന്റെ കൈപിടിച്ചുകൊണ്ട് ചോദിച്ചു. “നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും നിർദ്ദേശങ്ങൾ പാലിക്കുന്നവരാണോ? ഇസ്‌ലാമിന്റെ യാഥാർഥ്യം നിങ്ങൾക്കറിയാമോ?” ഇത് വളരെ ആവേശത്തോടെ ആവർത്തിച്ചാവർത്തിച്ച് ചോദിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ കഴുത്തിലെ നാഡിഞരമ്പുകൾ എഴുന്ന് നിൽക്കുന്നത് എനിക്ക് കാണാമായിരുന്നു. അത്രയും ആവേശമായിരുന്നു അദ്ദേഹത്തിന്. അപ്പോൾ ഞാൻ പറഞ്ഞു. ഇന്ന് മുതൽ ഞാനും അഹ്മദി ആകുകയാണ്. അദ്ദേഹം എനിക്കെഴുതുകയാണ്. താങ്കൾ വരുന്നതായി ഞാൻ കണ്ടു. അൽപം തിരക്കിലാണ്. ഞങ്ങളെ നോക്കിക്കൊണ്ട് കിഴക്കോട്ട് താങ്കൾ പോകുന്നു.”

പറയുന്നു. ബൈഅത്തിന് ശേഷം ഞാൻ ഒരു സ്വപ്നം കണ്ടു. ഞാൻ ബർസഖിന്റെ ലോകത്താണ്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) കാണുന്നു. ആരോ പറയുന്നു. “ഇപ്പോൾ ടെലിഫോൺ മിർസാ സാഹിബിന്റെ കയ്യിലാണുള്ളത്. ആരാണോ ഫോണിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നത് അവർക്ക് മിർസാ സാഹിബുമായി സംസാരിക്കാം.”

ബെനിൻ ഇക്കൂബെയിലെ ഒരഹ്മദി ചന്ദഃ നൽകുന്ന കാര്യത്തിൽ വളരെ അലസനായിരുന്നു. സാമ്പത്തികമായി അദ്ദേഹം നല്ല നിലയിലായിരുന്നു. പലപ്പോഴായി അദ്ദേഹത്തെ ഓർമ്മപ്പെടുത്തി ഉപദേശിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിൽ ഇതൊന്നും ഒരു സ്വാധീനവും ചെലുത്തിയിരുന്നില്ല. മുറബ്ബി സാഹിബ് പറയുന്നു. അവസാന ആയുധം ദുആ മാത്രമായിരുന്നു ഇനി ബാക്കിയുണ്ടായിരുന്നത്. ദുആ പെട്ടെന്ന് ഫലം ചെയ്തു. കുറച്ച് ദിവസം മുമ്പ് ആ വ്യക്തി വന്നുകൊണ്ട് പറഞ്ഞു. സ്വപ്നത്തിൽ ഞാൻ ഹുസൂറിനെ കണ്ടു. ഹുസൂർ അദ്ദേഹത്തിന്റെ അടുത്ത് ചെന്ന് പറയുകയാണ്. നിങ്ങളുടെ ചന്ദഃയുടെ കണക്കുകൾ ക്ലിയർ ചെയ്യുക. നിങ്ങൾ നൽകുന്നത് കൂടുതലാണെന്നാണോ കരുതുന്നത്. ഇത് കൂടുതലല്ല. സ്വപ്നം വിവരിച്ചതിന് ശേഷം അദ്ദേഹം തന്റെ കണക്കുകളെല്ലാം ശരിയാക്കുകയുണ്ടായി.

അൽജസാഇറിലെ മുഅ്മിൻ സാഹിബ് പറയുന്നു. “ആറ് മാസം മുമ്പാണ് ജമാഅത്തിനെക്കുറിച്ച് അറിയാൻ കഴിഞ്ഞത്. എനിക്ക് പൂർണ്ണമായ തൃപ്തി കൈവന്നിരിക്കുന്നു. ഞാൻ ഇമാം മഹ്ദി (അ) നെ സത്യപ്പെടുത്തുകയുണ്ടായി.എന്നാൽ ഇനി എന്താണ് ചെയ്യേണ്ടത് എന്നെനിക്കറിയില്ലായിരുന്നു. അല്ലാഹു എനിക്ക് രണ്ട് സ്വപ്നങ്ങൾ കാണിച്ചുതരികയുണ്ടായി. ആദ്യത്തെ സ്വപ്നത്തിൽ അദ്ദേഹം ഹുസൂറിനെയാണ് കണ്ടത്. ഒരു പ്രത്യേക അവസ്ഥയായിരുന്നു എന്നിൽ അപ്പോൾ കടന്നുപോയത്. അത് വിവരിക്കാൻ ഞാൻ അശക്തനാണ്. രണ്ടാമത്തെ സ്വപ്നത്തിൽ കണ്ടത് അദ്ദേഹം കരയുന്നതായാണ്. എന്നോട് ചോദിക്കുകയാണ്. എന്താണ് ഞാൻ ചെയ്യേണ്ടത്. അപ്പോൾ ഞാൻ രണ്ട് ബൈഅത്ത് ഫോം നൽകി. ഉണർന്നതിനുശേഷം ഇന്റർനെറ്റിൽ നോക്കിയപ്പോൾ അവിടെനിന്ന് രണ്ട് ബൈഅത്ത് ഫോറം എനിക്ക് കിട്ടി. ഉടനെ ഞാൻ ബൈഅത്ത് ചെയ്യുകയും ചെയ്തു. അപ്പോൾ മുതൽ എന്നിൽ ഒരു വ്യക്തമായ മാറ്റം ഞാൻ കാണുന്നുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യങ്ങൾ കണ്ട് ഓരോ വർഷവും അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും അല്ലാഹു വഴി കാട്ടുകയും ചെയ്യുന്ന സാത്വികരും സൗഭാഗ്യവാന്മാരായ എല്ലാവർക്കും അല്ലാഹു സ്ഥിരചിത്തത പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു ഇവരുടെ വിശ്വാസത്തിലും ദൃഢതയിലും അഭിവൃദ്ധി നൽകുമാറാകട്ടെ. നമ്മിലുള്ള ഓരോരുത്തരുടെയും വിശ്വാസവും ദൃഢതയും വർദ്ധിക്കുമാറാകട്ടെ. കാലഘട്ടത്തിന്റെ ഇമാമിനെ ശരിയായ അർത്ഥത്തിൽ പിൻപറ്റുന്നവരായി നാം മാറട്ടെ. തിരുനബി (സ) യുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായി നാമും മാറട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 June 03 at : Baitul Futuh, London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**